# വിത്തുകമ്പനികൾ ഇനി ജനിതകമെഴുതും

എസ്. ഉഷ

**വരുന്ന പാർലമെൻറ് സമ്മേളനത്തിൽ ചർച്ചചെയ്യാനിരിക്കുന്ന ബയോടെക്നോളജി റഗുലേറ്ററി അതോറിറ്റി ഓഫ് ഇന്ത്യ (ബ്രായി) ബിൽ വിത്തുകമ്പനികളുടെ താത്പര്യങ്ങളെ സഹായിക്കുന്നതാണ്. ജനിതകമാറ്റം വരുത്തിയ വിത്തുകളെയും വിളകളെയും പ്രോത്സാഹിപ്പിക്കുന്ന ബ്രായി ബിൽ എത്ര ദോഷകരമായാണ് ഇന്ത്യൻ കാർഷിക മേഖലയെയും വിപണിയെയും ബാധിക്കുക എന്ന് വിശദീകരിക്കുന്നു.**

ഇന്ത്യയിൽ സാധാരണ ജനങ്ങളുടെ ഇടയിൽ ജനിതകമാറ്റം വരുത്തിയ വിളകളെക്കുറിച്ചും ഭക്ഷണത്തെക്കുറിച്ചുമുള്ള ചർച്ച തുടങ്ങിയത് ബി.ടി. വഴുതനങ്ങയ്ക്ക് കേന്ദ്ര സർക്കാർ അനുമതി കൊടുക്കുമെന്ന ഘട്ടമെത്തിയപ്പോഴാണ്. ജനിതക എഞ്ചിനിയറിങ് അഥവാ ജനിതകമാറ്റ സാങ്കേതികവിദ്യ എന്താണെന്നറിയാനും അതിന്റെ സാധ്യതകളും പരിമിതികളും അപകടങ്ങളും മനസ്സിലാക്കാനും ജനങ്ങൾ തുനിഞ്ഞിറങ്ങി. ഒരുപക്ഷേ, ഒരു സാങ്കേതികവിദ്യയെക്കുറിച്ച് സാധാരണ ജനങ്ങൾ ഇത്രമാത്രം ചർച്ച ചെയ്യത് ആദ്യമായിട്ടായിരിക്കും. അതും കാർഷിക മേഖലയിൽ. രാസവളം ഇറക്കുമതി ചെയ്യപ്പോഴോ മാരക കീടനാശിനികൾക്ക് അനുമതി കൊടുത്തപ്പോഴോ മൗനികളായിരുന്നവർ ബി.ടി. വഴുതനങ്ങയെക്കുറിച്ച് പഠിക്കാനും പ്രതികരിക്കാനും തയ്യാറായി. ഇതെന്തുകൊണ്ട് സംഭവിച്ചു? സാധാരണ ജനങ്ങൾ മാത്രമല്ല ശാസ്ത്രജ്ഞരും കാർഷിക വിദഗ്ധരും സംസ്ഥാനങ്ങൾ തന്നെയും മുൻകരുതലോടെ ഈ വിഷയത്തിൽ ഇടപെട്ടു!

ഭക്ഷ്യസുരക്ഷ ഇന്ന് ഏതൊരു ഭരണാധികാരിക്കും തലവേദന സൃഷ്ടിക്കുന്ന ഒന്നായി മാറിയിരിക്കുന്നു. ഉയരുന്ന ജനസംഖ്യയ്ക്കനുസരിച്ച് ഉത്പാദന വർധന സാധ്യമാകുമോ എന്നവർ ആശങ്കപ്പെടുന്നു. മറുവശത്ത്, ഉത്പാദിപ്പിക്കുന്ന ഭക്ഷണം ആവശ്യക്കാരിലെത്താതെ നശിച്ചുപോകുകയും മാർക്കറ്റിലെത്തുന്ന ഭക്ഷണം മുഴുവനും കീടനാശിനികളും മറ്റു മാലിന്യങ്ങളും കലർന്ന് വിഷമയമായിത്തീരുകയും ചെയ്യുന്നു.

2008 മുതൽ രാജ്യങ്ങൾ നേരിടുന്ന ഒരു സുപ്രധാന പ്രശ്നം വിലക്കയറ്റമാണ്. ഇതോടൊപ്പം കൃഷിയോഗ്യമായ ഭൂമിയുടെ വലിയൊരളവ് മ



ഫോട്ടോ: സജീവ്

റ്റാവശ്യങ്ങൾക്കായി മാറ്റപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഈ സാഹചര്യങ്ങൾ മുതലെടുക്കാനുള്ള തന്ത്രങ്ങളുമായി ഇക്കാലഘട്ടത്തിൻെറ ശാപമായി മാറിയിരിക്കുന്ന കോർപ്പറേറ്റുകൾ തന്ത്രങ്ങൾ മെനയുകയും ചെയ്യുന്നു. ഏതു കോർപ്പറേറ്റിനാണ് ജനനന്മയിൽ താത്പര്യമുള്ളത്? പ്രകൃതിസംരക്ഷണത്തിൽ വിശ്വസിക്കുന്നത്? എങ്കിലും അവർ വലിയ അവകാശവാദങ്ങളുമായി സർക്കാറുകളെ സമീപിക്കുകയും പുതിയ പുതിയ സാങ്കേതികവിദ്യകൾ നിരത്തുകയും ചെയ്യുന്നു. ജനിതകമാറ്റ സാങ്കേതികവിദ്യ അത്തരത്തിലുള്ളതാണ്. ഭക്ഷ്യോത്പാദനം കൂട്ടാൻ ഇനി മറ്റൊരു വഴിയില്ലെന്ന് പറയുകയും അത് ഒരു വിഭാഗം ശാസ്ത്രജ്ഞരും സാമ്പത്തിക വിദഗ്ധരും അംഗീകരിക്കുകയും അതിൻെറ പ്രചാരകരാവുകയും ചെയ്തിരിക്കുന്നു.

എന്നാൽ കണക്കുകൾ പറയുന്നത് മറ്റൊന്നാണ്. വാസ്തവത്തിൽ ലോകത്തിലിന്ന് ഉത്പാദിപ്പിക്കുന്ന ഭക്ഷണം 11.5 ബില്യൺ ആളുകൾക്ക് തികയുമത്രേ. 2050 ആകുമ്പോഴേക്കും ലോക ജനസംഖ്യ 9 ബില്യൺ ആകുകയേയുള്ളൂ. നമ്മുടെ പ്രതിസന്ധി മറ്റൊന്നാണ്. ഈ ഭക്ഷണം കേടുകൂടാതെ ജനങ്ങൾക്ക് എത്തിക്കുക എന്നതാണ് അതിലൊന്ന്. മറ്റൊന്ന് ഈ ഉത്പാദനം എങ്ങനെ നിലനിർത്തും എന്നതാണ്. പ്രത്യേകിച്ചും വെള്ളം, ഊർജം, മണ്ണിൻെറ ഫലപുഷ്ടി എന്നിവ കുറഞ്ഞുകൊണ്ടിരിക്കുകയും കാലാവസ്ഥാ വ്യതിയാനം ഒരു യാഥാർഥ്യമായി മുന്നിൽ നിൽക്കുകയും ചെയ്യുമ്പോൾ. ഈ വെല്ലുവിളി ഏറ്റെടുക്കാൻ ശാസ്ത്രജ്ഞരും സാമ്പത്തിക വിദഗ്ധരും മിനക്കെടുന്നില്ല. കർഷകരും സംശയത്തിൻെറ നിഴലിലാണ്. രാസവസ്തുക്കളുടെയും അത്യുത്പാദന ശേഷിയുള്ള വിത്തുകളുടെയും പിറകെപോയ മനസ്സുകൾക്ക് കാർഷിക ആവാസ വ്യവസ്ഥയുടെ സമഗ്രതയെക്കുറിച്ച് ചിന്തിക്കാൻ പ്രയാസമായിരിക്കും. അതുകൊണ്ടുതന്നെ അപകടകരമായ സാങ്കേതികവിദ്യകളെതന്നെ അവർ ആശ്രയിക്കും.

എന്നാൽ ഹരിതവിപ്ലവ കാലഘട്ടത്തിൽനിന്നു വ്യത്യസ്തമായി ഇപ്പോൾ കൃഷിമന്ത്രാലയമല്ല ഉത്പാദന വർധനയെക്കുറിച്ച് ചിന്തിക്കുന്നത് എന്നതാണ് രസകരം. സയൻസ് ആൻഡ് ടെക്നോളജി മന്ത്രാലയവും അതിനു കീഴിലുള്ള ഡിപ്പാർട്ട്മെൻറ് ഓഫ് ബയോടെക്നോളജിയുമാണ് രാജ്യത്തിൻെറ ഭക്ഷ്യസുരക്ഷയെക്കുറിച്ച് പറയുന്നത്. കാർഷിക വികസനത്തിനായി തുടങ്ങിവെച്ച ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ വിവിധ ശാസ്ത്ര സ്ഥാപനങ്ങളുടെയിടയിൽ ഒന്നു മാത്രമായി മാറിയിരിക്കുന്നു. കാർഷിക ഗവേഷണം ജീനുകളിലേക്ക് ചുരുങ്ങിയപ്പോൾ സംഭവിച്ച കാര്യമാണിത്. ജീവശാസ്ത്രത്തിൽ ഗവേഷണം നടത്തുന്ന ഏതു സ്ഥാപനത്തിനും ഇന്ന് കൃഷിയിൽ ഇടപെടാം. കൃഷിയുടെ പാരിസ്ഥിതിക-സാംസ്കാരിക-ആരോഗ്യതലം അതിനാൽ പാടെ വിസ്മരിക്കപ്പെടുന്നു. കോർപ്പറേറ്റുകളുടെ നിയന്ത്രണത്തിലായിക്കഴിഞ്ഞ ജനിതക ഗവേഷണമേഖല കർഷകരെ ആത്മഹത്യയിലേക്കും നയിക്കുന്നു.

ലോകവ്യാപകമായിതന്നെ ജി.എം. വിളകൾക്കെതിരെ എതിർപ്പുയരാൻ കാരണം ഇതൊക്കെയാണ്. ഇന്ത്യയിൽ ബി.ടി. വഴുതനങ്ങയ്ക്കെതിരെയുണ്ടായ എതിർപ്പ് വിത്തുകമ്പനികൾക്കൊരു താക്കീതായി, എങ്കിലും അവർ അടങ്ങിയിരിക്കുന്നില്ല. ജി.എം. വിളകൾക്ക് എളുപ്പത്തിൽ അനുമതി നേടാനുള്ള കുറുക്കുവഴികൾ കണ്ടെത്താനവർ ശ്രമിക്കുകയാണ്. പരിസ്ഥിതി മന്ത്രാലയത്തിനു കീഴിലുള്ള ജനറ്റിക് എഞ്ചിനിയറിങ് അപ്രൈസൽ കമ്മിറ്റി (ബി.ടി. വഴുതനങ്ങയ്ക്കു മൊറട്ടോറിയത്തിനു മുൻപ് ഇത് അപ്രൂവൽ കമ്മിറ്റിയായിരുന്നു) യാണ് ഇന്ന് ജി.എം. വിളകളുടെ വ്യാപനത്തെ നിയന്ത്രിക്കുന്നത്. പൊതുജനങ്ങളുടെയും സംസ്ഥാന സർക്കാറുകളുടെയും ഇടപെടൽ മൂലവും വിവരാവകാശ നിയമം പോലുള്ള സംവിധാനങ്ങൾ കാരണവും ഈ കമ്മിറ്റിക്ക് ജി.എം. വിളകൾക്ക് അനുമതി കൊടുക്കാൻ കാലതാമസം നേരിടുന്നു. 2008 മുതൽ കേന്ദ്രസർക്കാർ കൊണ്ടുവരാൻ ശ്രമിക്കുന്ന ബയോടെക്നോളജി റഗുലേറ്ററി അതോറിറ്റി ഓഫ് ഇന്ത്യ ബില്ലിലെ വ്യവസ്ഥകൾ തങ്ങൾക്കനുകൂലമായ വിധത്തിൽ രൂപപ്പെടുത്താനുള്ള ശ്രമത്തിലാണ് വിത്തുകമ്പനികൾ. പാർലമെൻറിൻെറ ഈ വരുന്ന ശീതകാല സമ്മേളനത്തിൽ ഇത് സാധിച്ചെടുക്കാനാണിവരുടെ ശ്രമം. ഇന്ത്യയിൽ എഴുപതിലധികം വിളകളിൽ ജനിതകമാറ്റ പരീക്ഷണം നടന്നുകൊണ്ടിരിക്കുകയാണ്. ഈ ബില്ല് പാസ്സായിക്കിട്ടിയാൽ തങ്ങളുടെ ജി.എം. വിത്തുകൾ മാർക്കറ്റിലെത്തിക്കാൻ ഇന്നത്തേതുപോലുള്ള കാലതാമസം ഉണ്ടാകില്ലെന്ന് വിത്തുകമ്പനികൾക്കറിയാം.

**സംസ്ഥാന സർക്കാറുകൾക്ക് കാർഷിക-ആരോഗ്യ സംരക്ഷണത്തിൽ ഭരണഘടനാപരമായുള്ള പരമാധികാരത്തെ ബില്ല് നിഷേധിക്കുന്നു. സംസ്ഥാന സർക്കാറുകൾക്ക് ഒരു ഉപദേശക റോൾ മാത്രമേ ഈ ബില്ല് വ്യവസ്ഥ ചെയ്തിട്ടുള്ളൂ.**

## ബ്രായിബില്ലിൻെറ തുടക്കം

ജനിതകമാറ്റം വരുത്തിയ വിളകളെ നിയന്ത്രിക്കാനായി ഇന്ത്യയിൽ കൃത്യമായ ഒരു സംവിധാനം ഇന്ന് നിലവിലില്ല. 1989-ലെ പരിസ്ഥിതി സംരക്ഷണ നിയമത്തിൻ കീഴിലാണ് തത്കാലം ജി.എം. വിളകൾ നിയന്ത്രിക്കപ്പെടുന്നത്. എന്നാലിത് വളരെ അപര്യാപ്തമാണെന്നും ശാസ്ത്രീയമായും സ്വതന്ത്രമായുമുള്ള തീരുമാനങ്ങളല്ല ഈ ഏജൻസി എടുക്കുന്നതെന്നുമുള്ള കാര്യം ഇന്ന് കുപ്രസിദ്ധമാണ്.

ആദ്യമായി 2004-ലാണ് ജനിതകമാറ്റം വരുത്തിയ വിളകളെ നിയന്ത്രിക്കാനായി സ്വതന്ത്ര ഏജൻസിക്കുള്ള ഒരു നിർദേശം മുൻപോട്ട് വരുന്നത്. നാഷണൽ ബയോടെക്നോളജി റഗുലേറ്ററി അതോറിറ്റി എന്നു പേരിട്ട് ഈ നിർദേശം മുമ്പോട്ടുവെച്ചത് പ്രൊഫ. എം.എസ്. സ്വാമിനാഥൻ അധ്യക്ഷനായുള്ള ബയോടെക്നോളജി ടാസ്ക് ഫോഴ്സായിരുന്നു. ജി.എം. വിളകൾക്ക് അനുമതി കൊടുക്കും മുൻപ് നിയന്ത്രണ ഏജൻസി താഴെ പറയുന്ന കാര്യങ്ങൾ കർക്കശമായി നോക്കണമെന്ന് ഈ റിപ്പോർട്ടിൽ പറഞ്ഞിരുന്നു.

* ജനിതകമാറ്റം പോലല്ലാത്ത ബയോടെക്നോളജി-ജൈവ വളങ്ങൾ, ജൈവ കീടനാശിനികൾ, ജീവാണു വളങ്ങൾ എന്നിവയുടെ വികസനത്തിന് ആദ്യ പരിഗണന നൽകണം. ജൈവകൃഷിയിലെ ഉത്പാദന വർധനയ്ക്ക് ഇത് സഹായിക്കും.

* ഉത്പാദന വർധനയ്ക്ക് മറ്റൊരു മാർഗവും ഇല്ലെന്ന ഘട്ടത്തിൽ മാത്രമേ ജനിതകമാറ്റ സാങ്കേതികവിദ്യയെ ആശ്രയിക്കാവൂ.

* നമ്മുടെ അന്താരാഷ്ട്ര കച്ചവടത്തെ ബാധിക്കുന്ന തരത്തിൽ അത്തരം വിളകളിൽ ഒരിക്കലും ജനിതകമാറ്റം അനുവദിച്ചുകൂടാ.

* ഗ്രാമീണ തൊഴിൽ വ്യവസ്ഥയെ ബാധിക്കുന്ന തരത്തിൽ ബയോടെക്നോളജി വികസിപ്പിച്ചുകൂടാ.

* നമ്മുടെ നാട്ടിൽ പരിണമിച്ചുണ്ടായ വിളകളിൽ ജനിതകമാറ്റം അനുവദിച്ചുകൂടാ. ഉദാ: നെല്ല്. രാജ്യത്തിൻെറ ജൈവ സുരക്ഷ, കാർഷിക വ്യവസ്ഥയുടെ പാരിസ്ഥിതികവും സാമ്പത്തികവുമായ നിലനിൽപ്പ്, ഉപഭോക്താക്കളുടെ ആരോഗ്യ സുരക്ഷ, കർഷക കുടുംബങ്ങളുടെ ക്ഷേമം എന്നിവ ഉറപ്പാക്കണം.

2008-ൽ സയൻസ് ആൻഡ് ടെക്നോളജി മന്ത്രാലയം നാഷണൽ ബയോടെക്നോളജി റഗുലേറ്ററി അ ►



ഫോട്ടോ: മധുരാജ്

തോറിറ്റി ബില്ലിന് രൂപം നൽകി പൊതു ചർച്ചയ്ക്ക് വെച്ചു. ഈ ബില്ലിൽ പറഞ്ഞിരിക്കുന്ന സംഗതികളെക്കുറിച്ചും ഇത് തയ്യാറാക്കിയ രീതിയെക്കുറിച്ചും അന്നുതന്നെ ശക്തമായ വിമർശങ്ങളും എതിർപ്പുകളുമുണ്ടായി. അന്നുണ്ടായ പ്രധാന വിമർശം ജനിതകമാറ്റ സാങ്കേതികവിദ്യയെ പ്രോത്സാഹിപ്പിക്കുന്നവർ തന്നെ അതിനെ നിയന്ത്രിക്കുന്ന ഏജൻസിയായി മാറുന്നു എന്നാണ്. ഇത് ഏജൻസിയുടെ സ്വതന്ത്രസ്വഭാവം ഇല്ലാതാക്കും എന്ന് വിദഗ്ധർ അഭിപ്രായപ്പെട്ടു. ഈ ബില്ല് തള്ളിക്കളയണമെന്ന ആവശ്യവും ബലപ്പെട്ടു.

2009-ൽ വീണ്ടും മറ്റൊരു ബില്ല് ഇവർ എഴുതിയുണ്ടാക്കി. എന്നാലിതൊരു രഹസ്യ ഡോക്യുമെൻറായി ഏറെ കാലമിരുന്നു. 2010-ൽ എങ്ങനെയോ പുറത്തായി. നേരത്തെ പറഞ്ഞ വിമർശങ്ങളൊന്നും തന്നെ ഈ പുതിയ ബില്ല് കണക്കിലെടുത്തില്ലെന്നു മാത്രമല്ല കുറേക്കൂടി ജനാധിപത്യവിരുദ്ധമായിരുന്നു ഇതിലെ ഉള്ളടക്കം. ഇതിനെതിരെയും ശക്തമായ പ്രതിഷേധം വിവിധ ഭാഗത്തുനിന്നുണ്ടായി. ഇതിൽ പറഞ്ഞിരുന്ന ഒരു പ്രധാന കാര്യം (സെക്ഷൻ 63) ജനിതക മാറ്റ സാങ്കേതികവിദ്യയെ വിമർശിക്കുന്ന ശാസ്ത്രജ്ഞരല്ലാത്ത ഏതൊരാളെയും ജയിലിലിടാനും ശിക്ഷിക്കാനും നിയമംമൂലം കഴിയും എന്നതാണ്. ഈ ബില്ലാണ് ബയോടെക്നോളജി റഗുലേറ്ററി അതോറിറ്റി ഓഫ് ഇന്ത്യ ബിൽ. ജി.എം. വിത്തുകൾ കച്ചവടം ചെയ്യുന്നവരെ സഹായിക്കുന്ന ബില്ലാണിതെന്ന് പൊതുവിൽ അഭിപ്രായം ഉയർന്നു കഴിഞ്ഞു.

1998-ൽ തന്നെ ബി.ടി. പരുത്തിയുടെ 'രഹസ്യ പരീക്ഷണ'ങ്ങളെക്കുറിച്ച് ശക്തമായ എതിർപ്പ് കർണാടക-ആന്ധ്രപ്രദേശ് സംസ്ഥാനങ്ങൾ പ്രകടിപ്പിച്ചിരുന്നു. ബി.ടി. വഴുതിനങ്ങയ്ക്ക് അനുമതി കൊടുക്കരുതെന്നും പറഞ്ഞ് 13-ഓളം സംസ്ഥാനങ്ങൾ രംഗത്തുവന്നിരുന്നു. സംസ്ഥാനങ്ങളുടെ ഈ നടപടികളെ അടിച്ചമർത്തുന്ന വ്യവസ്ഥകളാണ് ബില്ലിൽ ചേർത്തിരിക്കുന്നത്.

2011, ആഗസ്റ്റ് 17-ന് ലോക്സഭയിൽ വെക്കുന്ന ബില്ലുകളുടെ കൂട്ടത്തിൽ ബ്രായി ബില്ലും ഉണ്ടായിരുന്നു. എന്നാൽ പല കാരണങ്ങളാൽ ഇത് പാർലമെൻറിൽ ചർച്ചയ്ക്ക് വന്നില്ല. ഈ ബില്ല് പൊതുജനങ്ങൾക്കിന്ന് ലഭ്യമാണ്.

## ഈ ബില്ല് എന്തുകൊണ്ട് വിമർശിക്കപ്പെടുന്നു

1. ഈ ബില്ല് പാർലമെൻറിൽ അവതരിപ്പിക്കുന്നത് സയൻസ് ആൻഡ് ടെക്നോളജി വകുപ്പാണ്. ഈ ബില്ല് നിയമമാകുന്നതിൻെറ പ്രധാന ആവശ്യം തന്നെ ആധുനിക ജൈവ സാങ്കേതിക വിദ്യ നടപ്പാക്കുന്ന ഘട്ടത്തിൽ ജനങ്ങൾക്കും പ്രകൃതിക്കും ജൈവസുരക്ഷ ഉറപ്പാക്കുക എന്നതാണ്. ഈ സാങ്കേതികവിദ്യ സുരക്ഷിതമായ ഒന്നാണെന്ന് ഇന്നുവരെയും തെളിഞ്ഞിട്ടില്ല. അതുകൊണ്ടുതന്നെ ഈ സാങ്കേതികവിദ്യയെ പ്രോത്സാഹിപ്പിക്കുന്ന ഒരു വകുപ്പിനെ തന്നെ നിയന്ത്രണങ്ങൾക്കുള്ള ചുമതല നൽകിയാൽ എങ്ങനെ ഇത് വിശ്വസിക്കാനാവും? നമുക്കുവേണ്ടത് ജൈവ സുരക്ഷയാണ്. അതിനാലിത് പരിസ്ഥിതി മന്ത്രാലയത്തിൻെറ ചുമതലയിൽ തന്നെയായിരിക്കണം വരേണ്ടത്. അവരാണ് ഈ ബില്ല് അവതരിപ്പിക്കേണ്ടത്.

2. നേരത്തെ സൂചിപ്പിച്ചതുപോലെ സംസ്ഥാന സർക്കാറുകൾക്ക് കാർഷിക-ആരോഗ്യ സംരക്ഷണത്തിൽ ഭരണഘടനാപരമായി തന്നെയുള്ള പരമാധികാരത്തെ ഈ ബില്ല് നിഷേധിക്കുന്നു. ഇത് അംഗീകരിക്കാൻ കഴിയാത്തൊരു കാര്യമാണ്. ഇത് ജനാധിപത്യവിരുദ്ധമായ നടപടിയാണ്. സംസ്ഥാന സർക്കാറുകൾക്ക് ഒരു ഉപദേശക റോൾ മാത്രമേ ഈ ബില്ല് വ്യവസ്ഥ ചെയ്യിട്ടുള്ളൂ. വാസ്തവത്തിൽ ജി.എം. വിളകളുടെ കാര്യത്തിൽ തീരുമാനമെടുക്കാൻ തങ്ങൾക്ക് കൂടുതൽ അധികാരം വേണമെന്ന നിലപാടിലാണ് വിവിധ സംസ്ഥാന സർക്കാറുകൾ നിൽക്കുന്നത്.

ഈ ബില്ലിലെ സെക്ഷൻ 87-ൽ പറയുന്നതും അപകടം പിടിച്ചൊരു കാര്യമാണ്. ബ്രായി നിയമം വരുന്നതോടെ സംസ്ഥാനങ്ങളിൽ നിലവി

ലുള്ള ജൈവസുരക്ഷയുമായി ബന്ധപ്പെട്ട നയങ്ങളും നിയമങ്ങളും അസാധുവാകും എന്നതാണത്. സംസ്ഥാനങ്ങൾക്ക് ജൈവസുരക്ഷയുടെ മേൽ യാതൊരു നിയന്ത്രണവും ഇല്ലാതാകും എന്നർഥം.

3. പ്രൊഫ. സ്വാമിനാഥൻ കമ്മിറ്റി പറഞ്ഞിരുന്നത് ജി.എം. വിളകൾക്ക് അനുമതി നൽകും മുൻപ് മറ്റ് സാങ്കേതിക വിദ്യകളും കാർഷിക രീതികളുമായി താരതമ്യം ചെയ്തതിനുശേഷം ഇവയൊന്നും തന്നെ മതിയാകില്ല എന്ന് ബോധ്യപ്പെട്ടാൽ മാത്രമേ പരിഗണിക്കാവൂ എന്നാണ്. ഇതിന് ദീർഘകാലം പഠനങ്ങൾ ആവശ്യമാണ്. ഇത്തരം അവലോകനങ്ങൾക്കൊന്നും പ്രായി ബില്ല് പ്രാധാന്യം കൊടുക്കുന്നില്ല. ചില യൂറോപ്യൻ രാജ്യങ്ങളിലെ നിയമങ്ങൾ ജനിതകമാറ്റത്തിൻെറ ധാർമികതയെ വരെ അവലോകനം ചെയ്യാൻ ആവശ്യപ്പെടുമ്പോഴാണ് ഇത്രയും ശുഷ്കമായ വ്യവസ്ഥ ഇന്ത്യയിൽ കൊണ്ടുവരാനായി ശ്രമിക്കുന്നത്.

4. പൊതുജനങ്ങൾക്ക് ഇടപെടാനും അഭിപ്രായം പറയാനുമുള്ള യാതൊരു വ്യവസ്ഥയും ഈ ബില്ലിൽ ഇല്ല. ബില്ലിലെ സെക്ഷൻ 27 പ്രകാരം ജനങ്ങളുടെ അഭിപ്രായം സ്വീകരിക്കും എന്നുമാത്രം പറയുന്നു. ജൈവസാങ്കേതിക വിദ്യയെ അന്താരാഷ്ട്രതലത്തിൽ നിയന്ത്രിക്കുന്ന കാർട്ടാജിന പ്രോട്ടോകോൾ (ആർട്ടിക്കിൾ 23.2) പറയുന്നത് സർക്കാർ ജനങ്ങളുമായി ചർച്ച ചെയ്തുവേണം ജി.എം. വിളകളുടെ കാര്യത്തിൽ തീരുമാനമെടുക്കാൻ എന്നാണ്. ഇന്ത്യ ഈ ഉടമ്പടിയിൽ ഒപ്പിട്ട ഒരു രാജ്യമായിട്ടുകൂടി ഇത് പാലിക്കാൻ തയ്യാറാവുന്നില്ല എന്ന് ഈ ബില്ല് സൂചിപ്പിക്കുന്നു.

5. ബില്ലിൽ സുതാര്യതയ്ക്ക് വേണ്ട യാതൊരു വ്യവസ്ഥയുമില്ല. ജി.എം. വിളകളെക്കുറിച്ചുള്ള പഠനങ്ങൾ ജനങ്ങൾക്ക് നൽകാനോ, സ്വതന്ത്രമായി വിലയിരുത്തലുകൾ പ്രോത്സാഹിപ്പിക്കാനോ ഉള്ള ഒരു സമീപനവും ഈ ബില്ലിൽ പറയുന്നില്ല. മറിച്ച് സെക്ഷൻ 28 പറയുന്നത് ജി.എം. വിളകളെ സംബന്ധിച്ച ചില വിവരങ്ങൾ കോൺഫിഡൻഷ്യലായി സൂക്ഷിക്കണമെന്നാണ്. അതോറിറ്റിയുടെ താത്പര്യമനുസരിച്ചാവും ഈ വിവരങ്ങൾ പുറത്തുവിടുകയോ വിടാതിരിക്കുകയോ ചെയ്യുക. ബി.ടി. വഴുതനങ്ങയെകുറിച്ച് മഹികോ നൽകിയ വിവരങ്ങൾ സ്വതന്ത്ര ശാസ്ത്രീയ പഠനങ്ങൾക്ക് വിധേയമാക്കിയപ്പോൾ മാത്രമാണ് യഥാർഥ ചിത്രം പുറത്തുവന്നതെന്നോർക്കുക. വിവരങ്ങൾ പുറത്തുവിടുകയില്ലെങ്കിൽ ജനങ്ങൾക്ക് എങ്ങനെ അഭിപ്രായം പറയാൻ കഴിയും?

മറ്റൊന്ന് ബില്ലിലെ സെക്ഷൻ 9 (2) പറയുന്നത് റഗുലേറ്ററി അതോറിറ്റിയിലെ വിദഗ്ധർ ജി.എം. വിളകളെ സംബന്ധിച്ച രഹസ്യം സൂക്ഷിക്കുമെന്ന് പ്രതിജ്ഞയെടുക്കണമെന്നാണ്. നമ്മുടെ ജൈവ സുരക്ഷയെ സംബന്ധിച്ച കാര്യങ്ങളിൽ എന്താണിത്ര രഹസ്യം? ജനങ്ങളിൽ നിന്നെന്താണിവർക്ക് മറച്ചുവെക്കാനുള്ളത്? കൂടുതൽ സുതാര്യമായ ഭരണസംവിധാനം ജനങ്ങൾക്ക് പ്രധാനം ചെയ്യും എന്ന് ഒരു ഭാഗത്ത് പറയുമ്പോൾ തന്നെ മറുഭാഗത്ത് ഇത്തരമൊരു ബില്ല് മുമ്പോട്ടുവെക്കുന്നതിൻെറ സാധ്യത എന്താണ്?

ജി.എം. വിളകളെ സംബന്ധിച്ച വിവരങ്ങൾ വിവരാവകാശ നിയമത്തിൻെറ പരിധിക്കു പുറത്തുകൊണ്ടുവരണമെന്നാണ് ബില്ലിലെ മറ്റൊരു നിർദേശം.

6. മൂന്നുപേരടങ്ങുന്ന ഒരു വിദഗ്ധ സമിതിയാണ് അതോറിറ്റിയെ നിയന്ത്രിക്കുക എന്നാണ് ബില്ല് പറയുന്നത്. രണ്ട് താത്കാലിക അംഗങ്ങളെയും അതോറിറ്റിക്ക് എടുക്കാം. സാങ്കേതിക കാര്യങ്ങൾ മാത്രം നോക്കി ജി.എം. വിളകളെക്കുറിച്ച് തീരുമാനമെടുക്കുന്ന ഒരു കമ്മിറ്റിയായിരിക്കും ഇത്.

18 പേരടങ്ങുന്ന ഒരു ഇൻറർമിനിസ്റ്റീരിയൽ ഗവേണിങ് ബോഡിയെക്കുറിച്ച് ബില്ല് സൂചിപ്പിക്കുന്നുണ്ടെങ്കിലും അവരുടെ റോളെന്താണെന്ന് കൃത്യമായി പറഞ്ഞിട്ടില്ല. വിവിധ വകുപ്പുകളെ തമ്മിൽ ഏകോപിപ്പിക്കുക എന്നു മാത്രമേ ബില്ലിൽ പറയുന്നുള്ളൂ.

സെക്ഷൻ 16–ൽ 16 പേരടങ്ങുന്ന ഒരു ബയോ–ടെക്. അഡ്വൈസറി കൗൺസിലിനെക്കുറിച്ച് പറയുന്നുണ്ട്. ഇവർക്കുള്ള റോൾ വെറും ഉപദേശകരുടെതാണ്. അതോറിറ്റിയുടെ ചെയർമാൻ തന്നെയാണ് ഇതിൻെറയും പ്രിസൈഡിങ് ഓഫീസർ! കൗൺസിലിൻെറ കൺവീനറെ നിർദേശിക്കുന്നതും അതോറിറ്റിയുടെ ചെയർ ആണ്. പ്രൈവറ്റ് സെക്ടറിൽ നിന്നുള്ളവർക്കും ഇതിൽ അംഗങ്ങളാകാം. ഇവരുടെ തെറ്റായ താത്പര്യങ്ങളെ ഒഴിവാക്കാനുള്ള നിർദേശങ്ങളൊന്നും തന്നെ ബില്ലിൽ പറഞ്ഞിട്ടില്ല.

7. ഏഴു പേരടങ്ങുന്ന ഒരു പരിസ്ഥിതി അപ്രൈസൽ പാനലിനെക്കുറിച്ച് ബില്ലിലെ സെക്ഷൻ 26 പറയുന്നു. പരിസ്ഥിതിക്ക് ആഘാതമുണ്ടാക്കാനിടയുള്ള ജനിതകമാറ്റം വരുത്തിയ ജീവികൾക്കോ ഉത്പന്നങ്ങൾക്കോ അനുമതി കൊടുക്കേണ്ടിവരുന്ന ഘട്ടത്തിൽ ഇവരുടെ അഭിപ്രായം തേടാൻ മാത്രമേ ബില്ല് പറയുന്നുള്ളൂ.

സെക്ഷൻ 26 (4) ഇതിലും വിചിത്രമായ കാര്യമാണ് പറയുന്നത്. പരിസ്ഥിതി അപ്രൈസൽ പാനലിന് വ്യത്യസ്തമായ അഭിപ്രായമാണുള്ളതെങ്കിൽ അതോറിറ്റിക്ക് ഇതിനെ സ്വീകരിക്കാതിരിക്കാം എന്നാണത്. യാതൊരു പല്ലും നഖവുമില്ലാത്ത ഒരു പാനലായി ഇത് അവസാനിക്കുമെന്ന് ചുരുക്കം.

8. അതോറിറ്റിയിൽ മൂന്നു പേരാണ് നിർദേശിക്കപ്പെട്ടിരിക്കുന്നതെങ്കിലും ഏതെങ്കിലും തീരുമാനമെടുക്കുന്ന സമയത്ത് അതോറിറ്റിയിൽ വേക്കൻസി വന്നു എന്നതുകൊണ്ട് എടുത്ത തീരുമാനം അസാധ്യമാകുന്നില്ല എന്ന് സെക്ഷൻ 13 പറയുന്നു. ജി.എം. വിളകൾ പോലെ ഇത്രയും പ്രധാനപ്പെട്ട ഒരു കാര്യത്തെപ്പറ്റി എടുക്കുന്ന തീരുമാനത്തെക്കുറിച്ചാണ് ഇത്ര ലാഘവത്തോടെ ബില്ലിൽ പ്രതിപാദിച്ചിരിക്കുന്നത്.

**തുറന്ന വയലിൽ ജി.എം. വിള പരീക്ഷണം നടത്തുമ്പോൾ ഉണ്ടാകാൻ സാധ്യതയുള്ള ജനിതക മലിനീകരണത്തെപ്പറ്റി ഒന്നും ബില്ലിൽ പറയുന്നില്ല. ചുരുക്കത്തിൽ ജൈവസുരക്ഷ അപകടത്തിലാകാതിരിക്കാനുള്ള ഒരു നടപടിയും നിയമത്തിലുണ്ടാകില്ല.**

വിവിധ കമ്മിറ്റികൾ അതോറിറ്റിയെ ഉപദേശിക്കുവാനുണ്ടെങ്കിലും ശാസ്ത്രജ്ഞർ അടങ്ങിയ ഒരു റിസ്ക് അസസ്മെൻറ് യൂണിറ്റിൻെറ നിർദേശങ്ങൾ അനുസരിച്ചായിരിക്കും ►

അതോറിറ്റി തീരുമാനങ്ങളെടുക്കുക. ഈ ശാസ്ത്രജ്ഞരെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളെ പറ്റി യാതൊന്നും ബില്ല് പരാമർശിക്കുന്നില്ല.

9. തുറന്ന വയലിൽ ജി.എം. വിളകളുടെ പരീക്ഷണം നടത്തുമ്പോൾ ഉണ്ടാകാൻ സാധ്യതയുള്ള ജനിതക മലിനീകരണത്തെ അഡ്രസ്സ് ചെയ്യാൻ പറ്റിയ ഒന്നുംതന്നെ ബില്ലിൽ പറയുന്നില്ല. ചുരുക്കത്തിൽ പറഞ്ഞാൽ ജൈവസുരക്ഷ അപകടത്തിലാകാതിരിക്കാനുള്ള ഒരു നടപടിയും നിയമത്തിലുണ്ടാകില്ല.

10. വിത്തുകമ്പനികൾ നിയമപ്രകാരം തിരഞ്ഞെടുക്കാത്ത ലാബുകളിൽ നടത്തിയ പഠനങ്ങൾക്കുവരെ സാധുത നൽകുന്ന വിധമാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. പ്രൈവറ്റ് ലാബുകൾക്ക് ഇതിൽ പങ്കാളികളാകാം. എന്നാൽ പൊതുതാത്പര്യത്തിനനുസരിച്ച് സ്വതന്ത്ര പഠനം നടത്താനുള്ള ഒരു സംവിധാനത്തെക്കുറിച്ച് ബില്ല് ഒന്നും പറയുന്നില്ല (പ്രസിദ്ധ ജനിതക ശാസ്ത്രജ്ഞനായ ഡോ. പുഷ്പ ഭാർഗവ പറഞ്ഞത് ഇത്തരമൊരു ശക്തമായ സംവിധാനം രാജ്യത്തുണ്ടായതിനുശേഷമേ ജി.എം. വിളകളെക്കുറിച്ച് ചിന്തിക്കാൻ പോലും പാടുള്ളൂ എന്നാണ്.

11. ജി.എം. വിളകളുടെ അപകടത്തെക്കുറിച്ച് അവലോകനം ചെയ്യാനോ കൃഷിയാരംഭിച്ചതിനുശേഷം റിവ്യൂ ചെയ്യാനോ ഒന്നുമുള്ള വഴികൾ ഈ ബില്ലിൽ പറയുന്നില്ല. ജി.എം. വിളകൾക്ക് അനുമതി നൽകാനുള്ള ഒരു ക്ലിയറിങ് ഹൗസായി മാത്രം ബ്രായി ബില്ലിനെ കാണുന്നതാണൊരു ദൗർഭാഗ്യം. അനുമതി ലഭിച്ച വിളകളിലേതെങ്കിലും പരിസ്ഥിതിയെയോ മനുഷ്യനെയോ അപകടപ്പെടുത്തുന്നതായി കണ്ടെത്തിയാൽപോലും അതിന്റെ അനുമതി നിഷേധിക്കാനുള്ള സംവിധാനങ്ങളെക്കുറിച്ചൊന്നും ബില്ലിൽ വ്യക്തമാക്കുന്നില്ല.

12. സ്വകാര്യ താത്പര്യങ്ങൾ ഒഴിവാക്കാനുള്ള ചില കാര്യങ്ങൾ ബില്ലിൽ പറയുന്നുണ്ടെങ്കിലും ഇത് വ്യക്തവും പൂർണവുമല്ല. വിത്തുകമ്പനികളുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച ആളുകൾതന്നെ നിയന്ത്രണ അതോറിറ്റിയിൽ കയറിപ്പറ്റാനോ തീരുമാനങ്ങളെ സ്വാധീനിക്കാനോ ശ്രമിക്കുന്നത് ജി.എം. വിളകളുടെ ആസ്ഥാനമായ അമേരിക്കയിൽ സാധാരണമാണ്. അഴിമതിയിൽ മുങ്ങിക്കുളിച്ചു നിൽക്കുന്ന നമ്മുടെ നാട്ടിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കണമെങ്കിൽ ശക്തമായ നിയമംതന്നെ വേണ്ടിവരും. ഇപ്പോഴത്തെ ബില്ലിൽ ഇതിനുള്ള സാധ്യതയില്ല.

13. ബില്ലിൽ പറഞ്ഞിരിക്കുന്ന ശിക്ഷാനടപടികളും വളരെ ദുർബലമാണ്. വിത്തുകമ്പനികളുടെ ഉത്തരവാദിത്വത്തെപ്പറ്റി ബില്ല് മിണ്ടുന്നതുപോലുമില്ല. മലിനീകരിക്കുന്നവരുടെ ഉത്തരവാദിത്വം ഇന്ന് ആഗോളതലത്തിൽതന്നെ അംഗീകരിച്ച കാര്യമാണ്. ജി.എം. വിളകളെ സംബന്ധിച്ച ഏതൊരു നിയമത്തിന്റെയും കാതലായിരിക്കണം ഇത്. മാത്രവുമല്ല, കർഷകർക്കോ ഉപഭോക്താക്കൾക്കോ ഉണ്ടാകുന്ന നഷ്ടം നികത്താനുള്ള ഉത്തരവാദിത്വവും വിത്തുകമ്പനികൾക്കുണ്ടാവണം. ബില്ലിലെ 67, 68, 69 സെക്ഷനുകൾ എന്നാൽ തിരിച്ച് വിത്തുകമ്പനികളെയും ശാസ്ത്രജ്ഞരെയും രക്ഷിക്കാൻ വേണ്ടിയുള്ളതാണ്. അവരുടെ അറിവോടെയല്ലാതെ സംഭവിക്കുന്ന ഒരു പ്രശ്നത്തിനും അവർ ശിക്ഷിക്കപ്പെടില്ല എന്നതാണത്. ഇത് എങ്ങനെയാണ് തെളിയിക്കുക?

മാത്രവുമല്ല, ബില്ലിൽ പറഞ്ഞതനുസരിച്ച് ഇത്തരം പരാതികൾ സാധാരണ കോടതിയിൽ അല്ല, ഇതിന് പ്രത്യേകമായുള്ള അപ്പലറ്റ് ട്രിബ്യൂണലിലാണ് ഫയൽ ചെയ്യേണ്ടിവരിക. ഒരു സാധാരണക്കാരന് നിയമവ്യവസ്ഥ അപ്രാപ്യമാക്കാനല്ലേ ഇത് ഉപകരിക്കൂ? വമ്പൻ കമ്പനികളോടെങ്ങനെയാണവർ ഏറ്റുമുട്ടുക?

**നിയമപ്രകാരം തിരഞ്ഞെടുക്കാത്ത ലാബുകളിൽ നടത്തിയ പഠനങ്ങൾക്കുവരെ സാധുത നൽകുന്ന വിധമാണ് ബില്ലിലെ വ്യവസ്ഥ. എന്നാൽ പൊതുതാത്പര്യത്തിനനുസരിച്ച് സ്വതന്ത്ര പഠനം നടത്താനുള്ള ഒരു സംവിധാനത്തെക്കുറിച്ച് ബില്ല് ഒന്നും പറയുന്നില്ല.**

സെക്ഷൻ 63 പറയുന്നതും വളരെ ചെറിയൊരു ശിക്ഷാനടപടിയെക്കുറിച്ചാണ്. നിയമവിരുദ്ധമായി ആരെങ്കിലും ജി.എം. വിളകൾ പരീക്ഷണം നടത്തുന്നതായി ശ്രദ്ധയിൽ പെട്ടാൽ അത് ചെയ്യുന്നയാൾക്ക് 6 മാസത്തെ തടവും പിഴയുമാണ് ഇതിൽ പറഞ്ഞിരിക്കുന്നതുപ്രകാരം ലഭിക്കുക. വീണ്ടും ഇതാവർത്തിച്ചാൽ കുറച്ചുകൂടി നീണ്ട തടവും പിഴയും നൽകാം. എന്നാൽ ഇത്തരം കമ്പനികളെ നിരോധിക്കാനുള്ള ഒരു വ്യവസ്ഥയും ബില്ലിൽ ഇല്ല. ഇത്തരം നിയമവിരുദ്ധ നടപടികൾ നമ്മുടെ രാജ്യത്ത് എത്രയോ തവണ നമ്മൾ കണ്ടുകഴിഞ്ഞു. എന്നിട്ടും ബില്ല് ഇതിനെ ഗൗരവമായി എടുത്തിട്ടില്ല. ജൈവസുരക്ഷയ്ക്ക് യാതൊരു പ്രാധാന്യവും ബില്ല് നൽകുന്നില്ല എന്നതിനൊരു ഉദാഹരണം കൂടിയാണിത്.

14. അതോറിറ്റിയെടുത്ത ഒരു തീരുമാനത്തിനുമേൽ ഒരു പൊതുതാത്പര്യ ഹർജി കൊടുക്കണമെങ്കിൽ സിവിൽ കോർട്ടിൽ പോകാൻ കഴിയില്ലെന്നും ഉള്ള പരാതി നേരിട്ട് ഹൈക്കോടതിയിലോ അതിനുമുകളിലോ ഉള്ള കോടതിയിൽ കൊടുക്കണമെന്നുമാണ് ബില്ല് പറയുന്നത്. പരിസ്ഥിതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ സാധാരണ ജനങ്ങൾ എപ്പോഴും സിവിൽ കോർട്ടിനെയാണ് ആശ്രയിക്കുക എന്നിരിക്കേ ജി.എം. വിഷയത്തിൽ സാധാരണ ജനങ്ങൾക്ക് നിയമസഹായം കിട്ടില്ലെന്ന് വ്യക്തം.

മാത്രവുമല്ല, അതോറിറ്റി എടുത്ത തീരുമാനത്തെ ഒരു കോടതിക്കും ചോദ്യം ചെയ്യാൻ കഴിയില്ലെന്നും സെക്ഷൻ 77 പറയുന്നു. ജുഡീഷ്യറിക്കും മുകളിലാണ് അതോറിറ്റി എന്നർഥം. അപ്പലേറ്റ് ട്രിബ്യൂണലിന് അമിതാധികാരം നൽകുംവിധമാണ് ബില്ല് തയ്യാറാക്കിയിരിക്കുന്നത്. സെക്ഷൻ 57 (1)ൽ പറയുന്നത് അപ്പലേറ്റ് ട്രിബ്യൂണൽ 1908-ലെ കോഡ് ഓഫ് സിവിൽ പ്രൊസീഡ്വർ പാലിക്കേണ്ടതില്ല എന്നാണ്. ട്രിബ്യൂണലിനു സ്വയം നിയന്ത്രണാധികാരങ്ങൾ ഉണ്ടാകും എന്നും ഇതിൽ പറഞ്ഞിരിക്കുന്നു. ഇന്ത്യൻ എവിഡൻസ് ആക്ട് 1872-ഉം ട്രിബ്യൂണലിനു ബാധകമല്ല.

ജനങ്ങളുടെ അവകാശങ്ങളെ ഹനിക്കുന്നതാണ് ഇവയോരോന്നും.

15. ജൈവവൈവിധ്യ നിയമം പോലുള്ള സുപ്രധാന നിയമങ്ങളെ മറികടക്കാൻ ബ്രായി നിയമത്തിന് കഴിയുമെന്നതും അപകടകരമായ ഒരു സ്ഥിതിവിശേഷമാണ് സൃഷ്ടിക്കുക (സെക്ഷൻ 81).

16. ജനിതക മാറ്റം വരുത്തിയ ഉത്പന്നങ്ങളുടെ ഇറക്കുമതി, ലേബലിങ് തുടങ്ങിയ കാര്യങ്ങളെപ്പറ്റി ബില്ല് തീർത്തും മൗനം പാലിക്കുന്നു.

## ദേശീയ ജൈവസുരക്ഷാ അതോറിറ്റി

ബ്രായി ബില്ലിൽ നേരത്തെ പറഞ്ഞ സുപ്രധാന പ്രശ്നങ്ങൾ നിലനിൽക്കുന്നു. ഈ രീതിയിൽ ഇത്രയും പ്രധാനപ്പെട്ട ഒരു വിഷയത്തിന്മേലുള്ള ബില്ല് പാർലമെന്റിൽ അവതരിപ്പിക്കാൻപോലും യോഗ്യമല്ല. മാത്രവുമല്ല, ജൈവവൈവിധ്യ സമ്പുഷ്ടമായ ഇന്ത്യയെപ്പോലൊരു രാജ്യത്ത് വേണ്ടത് ഒരു ജൈവസുരക്ഷാ അതോറിറ്റിയാണ്. ഈ അതോറിറ്റിയുടെ അടിസ്ഥാന പ്രമാണം തന്നെ ജനിതക മാറ്റം വരുത്തിയ വിളകളിൽ നിന്ന് ജൈവവൈവിധ്യത്തെ സംരക്ഷിക്കുക എന്നതായിരിക്കണം. ജി.എം. വിളകൾ അനിവാര്യമോ എന്ന അന്വേഷണം തന്നെ ഈ അതോറിറ്റി തുടങ്ങണം. ഇത്തരം സാങ്കേതിക വിദ്യകളുടെ ധാർമികതയെയും സാമൂഹിക നീതിയെയും പറ്റിയും ഈ നിയമം ഉൾക്കൊള്ളണം.■